**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *99 | 12-06-2014 -ൽ മറുപടിക്ക്

## ജലദൌർലഭ്യവും ഊർജ്ജ പ്രതിസന്ധിയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം.ഉമ്മർ**<br>**ശ്രീ. കെ.എൻ.എ.ഖാദർ**<br>**ശ്രീ. സി. മമ്മൂട്ടി**<br>**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) | രാജ്യത്ത് ഈ വർഷം മഴ ശരാശരിയിലും കുറവായിരിക്കുമെന്ന കാലാവസ്ഥ നിരീക്ഷണ വകുപ്പിന്റെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഏപ്രിൽ 24, 2014 ന് കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ച ദീർഘകാല തെക്കുപടിഞ്ഞാറൻ കാലവർഷ പ്രവചനത്തിൽ ദീർഘകാല ശരാശരിയുടെ 95% മാത്രം മഴയെ ലഭിക്കുകയുള്ളൂ എന്ന് ചൂണ്ടിക്കാണിച്ചിരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ അനുമാനത്തിൽ ജൂൺ മുതൽ സെപ്റ്റംബർ വരെ ലഭിക്കേണ്ടുന്ന മഴയുടെ ശരാശരിയിൽ നിന്നും മഴ തീർത്തും കുറവായിരിക്കുവാനുള്ള സാധ്യത 33 മുതൽ 23% വരെയാണ്. |
| (ബി) | ശരാശരി മഴ ലഭിച്ചാൽ പോലും ജലദൌർലഭ്യവും ഊർജ്ജ പ്രതിസന്ധിയും നേരിടുന്ന സംസ്ഥാനത്തിന് മഴ കുറഞ്ഞാലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിവിധ വകുപ്പുകളുടെയും വിദഗ്ധരുടെയും അഭിപ്രായം ശേഖരിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ദുരന്ത നിവാരണവകുപ്പ് മൺസൂൺ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് വിളിച്ചുചേർത്ത യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി.<br>മഴ കുറഞ്ഞാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിദഗ്ദരുടെ അഭിപ്രായങ്ങൾ ശേഖരിച്ച് കെ.എസ്.ഇ. ബി. ലിമിറ്റഡ് വിലയിരുത്തിയിട്ടുണ്ട്.<br>കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ മൺസൂൺ ലഭ്യത അവലോകനം പ്രകാരം 95-ാം ഓപ്പറേഷൻ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഈ വർഷത്തെ കാലവർഷത്തിലുണ്ടാകാവുന്ന ജലലഭ്യതക്കുറവിനെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. ജലലഭ്യതക്കുറവ് മൂലം കേരളത്തിലുണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധിയെക്കുറിച്ച് എടുത്ത് പറയുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | മഴവെള്ളത്തിന്റെ കുറവുമൂലമുള്ള പ്രശ്ന പരിഹാരത്തിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പൊതു ജനങ്ങളിൽ ജലസംരക്ഷണ അവബോധം വളർത്തുന്നതിന് അതാതു ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാർ പത്രസമ്മേളനം നടത്തുക, ജല സംഭരണികളിൽ പരമാവധി ജലം സംഭരിക്കുക, ആവശ്യമാണെങ്കിൽ ലോറി മുഖാന്തിരം കുടിവെള്ളം വിതരണം ചെയ്യുക എന്നിവയാണ് ദുരന്ത നിവാരണത്തിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന മുൻകരുതലുകൾ.<br>മഴക്കുറവുമൂലം ഇക്കൊല്ലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാനായി മറ്റു മേഖലകളിൽ നിന്നും കൂടുതൽ വൈദ്യുതി കേരളത്തിൽ എത്തിക്കുന്നതിനായുള്ള കരാറുകളിൽ ഏർപ്പെടുകയും വൈദ്യുതി എത്തിക്കുന്നതിനായുള്ള പ്രസരണ കോറിഡോർ ലഭ്യതയ്ക്കു വേണ്ടി ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ